പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3875

15/03/2017 ൽ മറുപടിക്ക്

## ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | ശ്രീ.എ.സി.മൊയ്തീൻ (വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) കേരളത്തിലെ ഏറ്റവും വലിയ സംസ്ഥാന പൊതുമേഖലാ സ്ഥാപനമായ റ്റി.സി.സി. (ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ്) ലിമിറ്റഡിന്റെ ഇന്നത്തെ സ്ഥിതിഗതികൾ എന്തെന്ന് വിശദമാക്കാമോ; | എ) ട്രാവൻകൂർ കൊച്ചിൻ കെമിക്കത്സ് (റ്റി.സി.സി.) ഈ സാമ്പത്തിക വർഷം ഫെബ്രുവരി മാസം വരെയുള്ള കണക്കുകൾ പ്രകാരം 4.58 കോടി രൂപയുടെ ലാഭം നേടിയിട്ടുണ്ട്. |
| ബി) പ്രസ്തുത വ്യവസായ സ്ഥാപനം ഇന്നു നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | ബി) വർദ്ധിച്ചുവരുന്ന കാസ്റ്റിക് സോഡ, ക്ലോറിൻ എന്നിവയുടെ ആവശ്യം പരിഗണിച്ച് നിലവിലുള്ള ഉൽപാദനശേഷി പ്രതിദിനം 125 ടണ്ണിൽ നിന്ന് 350 ടൺ ആക്കി വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കമ്പനിയുടെ പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. കൊച്ചി റിഫൈനറിയുടെ അനുബന്ധമായി വരുന്ന പെട്രോകെമിക്കൽ വ്യവസായ ശൃംഖലയാണ് മുഖ്യ ഉപഭോക്താക്കൾ. ഇതോടൊപ്പം തന്നെ 10കോടി രൂപ ചെലവിൽ HCL Synthesis Unit |

സ്ഥാപിക്കുന്നതിനായി 5കോടി രൂപ അടുത്ത സാമ്പത്തികവർഷത്തെ (2017-18ൽ) ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സി) വൈദ്യുതി പ്രധാന അസംസ്കൃത വസ്തുവായ റ്റി.സി.സി.ക്ക് ഓപ്പൺ ആക്സസിൽ വൈദ്യുതി വാങ്ങുന്നതിനുള്ള അനുമതി ആവശ്യപ്പെട്ട് സ്ഥാപനം നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ തീരുമാനം എന്തെന്ന് വ്യക്തമാക്കാമോ;

സി) ഉണ്ട്. ടി.സി.സി.എൽ ന് ഓപ്പൺ അക്സസ് അടിസ്ഥാനത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നിവേദനം കൈകാര്യം ചെയ്യുന്ന ഫയൽ തീരുമാനമെടുക്കുന്നതിനായി മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയിലാണ്.

ഡി) റ്റി.സി.സി. യുടെ ഉത്പന്നങ്ങളുടെ വിപണനത്തിന് ഇന്നത്തെ സംവിധാനം പര്യാപ്തമാണോ; എന്ത് മാറ്റമാണ് ലക്ഷ്യമിടുന്നത്;

ഡി) അതെ, റ്റി.സി.സി യുടെ ഉല്പന്നങ്ങൾ വിപണനം നടത്താൻ സംവിധാനം പര്യാപ്തമാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വൻകിട വ്യവസായ ശാലകൾക്ക് കൂടി നമ്മുടെ ഉല്പന്നങ്ങൾ എത്തിച്ചുകൊണ്ട് ഈ മേഖലയിലെ വിപണന പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ സാധിച്ചു

ഇ) വ്യവസായശാലയുടെ വളർച്ചയ്ക്കും ലാഭത്തിൽ പ്രവർത്തിക്കുന്നതിനുമായി ഇതുവരെ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കി?

ഇ) നിലവിലെ വിപണന സംവിധാനം കൂടുതൽ ശക്തിപ്പെടുത്തി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വൻകിട വ്യവസായ ശാലകളിൽ നിന്ന് കൂടി ഓർഡർ ലഭിക്കുന്ന തരത്തിൽ വിപുലീകരിച്ചിട്ടുണ്ട്.
പ്ലാന്റിന്റെ പ്രവർത്തന ശേഷി വർദ്ധിപ്പിക്കുന്നതിനായി Detailed Project Report നു വേണ്ടി പരസ്യം ചെയ്തിട്ടുണ്ട്.

Bindumol K N
സെക്ഷൻ ഓഫീസർ